DESPATCHED
On 29/06/2020
17.3.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.824(2)/2017**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.4125/എസ്.ഐ.സി-ജി 6/17
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.ദിലീപ്.എസ്
സൂനായി മൻസിൽ, റൂബി നഗർ
ചാല പി.ഒ, തിരുവന്തപുരം-695 036 } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ**
**നിർമിതി കേന്ദ്രം, ബി ബ്ലോക്ക്**
**നാലാം നില സിവിൽ സ്റ്റേഷൻ**
**കുടപ്പനക്കുന്ന് തിരുവനന്തപുരം**

2. **അപ്പീൽ അധികാരി ആന്റ് പ്രോജക്ട് മാനേജർ**
**നിർമിതി കേന്ദ്രം, ബി ബ്ലോക്ക്**
**നാലാം നില സിവിൽ സ്റ്റേഷൻ**
**കുടപ്പനക്കുന്ന് തിരുവനന്തപുരം**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.1.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 03.01.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 23.01.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28.03.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 28.03.2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04.04.2017, 18.01.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 04.05.2017,25.01.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.01.2020, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭ്യമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 18.11.2016 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ നിർമ്മിതി കേന്ദ്രയിലെ മുൻ പ്രോജക്ട് എഞ്ചിനീയറായ ശ്രീമതി. ശ്രീജയുടെ സസ്പെൻഷനുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളുടെയും മുഴുവൻ വിവരങ്ങളും നൽകണമെന്നും, മുൻ ജില്ലാ കളക്ടറായ ശ്രീ.ബിജു പ്രഭാകർ ശ്രീമതി.ശ്രീജയെ സസ്പെൻഡ് ചെയ്യാനുള്ള കാരണം എന്തായിരുന്നെന്നും, നിർമ്മിതി കേന്ദ്രത്തിൽ ടിയാൾ നടത്തിയ ക്രമവിരുദ്ധമായ പ്രവർത്തികളെന്തെല്ലാമെന്നും, ജില്ലാകള്ക്ടർ ടി വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ നൽകണമെന്നുമായിരുന്നു ആവശ്യപ്പെട്ടത്. ആയതിന് മറുപടി നൽകിയില്ല.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി നൽകാത്തതിനാൽ ഹർജിക്കാരൻ 03.01.2017 ന് അപ്പീൽ നൽകുകയും, 23.01.2017 ന് അപ്പീൽ അധികാരി നൽകിയ മറുപടിയിൽ ജില്ലാ നിർമ്മിതി കേന്ദ്രം ഗവൺമെന്റിന്റെ യാതൊരു വ്യവസ്ഥകളിലുമില്ലാതെ സ്ഥാപിതമായ സ്ഥാപനമായതിനാൽ വിവരാവകാശത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നാണ്.

4. 25.01.2020 ന് സമർപ്പിച്ച റിപ്പോർട്ടിൽ തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്രം ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും ജില്ലാ കളക്ടർ ചെയർമാനും, സബ് കളക്ടർ മെമ്പർ സെക്രട്ടറിയുമായാണ് പ്രവർത്തിക്കുന്നതെന്നും, നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തികളുടെ ലാഭ വിഹിതത്തിൽ നിന്നാണ് ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തിനും ജീവനക്കാരുടെ ശമ്പളവും മറ്റ് ചെലവുകൾക്കുമുള്ള തുക കണ്ടെത്തുന്നതെന്നും, ഗവൺമെന്റിൽ നിന്നും ഗ്രാന്റ്/ നോൺ ഗ്രാന്റ് വിഹിതം ഒന്നും തന്നെ നിർമ്മിതികേന്ദ്രത്തിന് ലഭിക്കുന്നില്ലെന്നും, ഒരു തരത്തിലുള്ള ബഡ്ജറ്റ് വിഹിതവും ലഭിക്കുന്നില്ലെന്നും, ആയതിനാൽ ടി സ്ഥാപനം വിവരാവകാശത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നുമാണ്. കമ്മീഷനിൽ നിന്നും തന്നെയുള്ള സി.പി നമ്പർ 18(3)/2017/എസ്.ഐ.സി എന്ന ഓർഡർ പ്രകാരവും, സി.പി. നമ്പർ 91(5)/17/എസ്.ഐ.സി എന്ന ഓർഡർ പ്രകാരവും നിർമ്മിതി കേന്ദ്രം സ്വതന്ത്ര ഏജൻസി ആയതിനാൽ വിവരാവകാശത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് തീർപ്പാക്കിയതാണെന്നും ഹാജരായ എസ്.പി.ഐ.ഒ കമ്മീഷനെ ബോധിപ്പിച്ചു.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ നൽകിയിരുന്ന നിർമ്മിതി കേന്ദ്രം സർക്കാരിന്റ യാതൊരു ധന സഹായവും ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനം ആകയാൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

res